# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 143 — 09.06.2014-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ കുബേര' എന്ന സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും, അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും, കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അനധികൃതമായി പണമിടപാട് നടത്തപ്പെടുന്ന വ്യക്തികളുടേയും, സ്ഥാപനങ്ങളുടേയും പ്രവർത്തനം പൂർണ്ണമായും നിയന്ത്രിച്ച് അമിതപ്പലിശ മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| (സി) അനധികൃത പണമിടപാടു സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി |

| | |
|---|---|
| (ഡി) പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം? | സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരെയും ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ വിലാസവും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും കൂടി ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. പരാതിക്കാർക്ക് ആഭ്യന്തര മന്ത്രിയുടെ ഫോണിൽ പറയാനും, മെയിലിലൂടെ പരാതി അറിയിക്കാനുമുള്ള സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ